# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2620

12.03.2018-ന് മറുപടിയ്ക്ക്

## മങ്കട മണ്ഡലത്തിലെ സ്കൂളുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | 2017-18ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ച പ്രകാരം പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് മങ്കട മണ്ഡലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട സ്കൂളിന്റെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | 2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി മൂന്ന് കോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള മങ്കട നിയോജക മണ്ഡലത്തിലെ കടുങ്ങാപ്പുറം ഗവ.ഹയർ സെക്കന്ററി സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (ബി) | മങ്കട മണ്ഡലത്തിൽ എൽ.പി./യു.പി. സ്കൂളുകൾക്ക് ഒരു കോടി രൂപ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ പരിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി എൽ.പി./യു.പി. സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിൽ ഉൾപ്പെടുത്തി മങ്കട നിയോജക മണ്ഡലത്തിലെ പാങ്ങ് ഗവ.യു.പി. സ്കൂളിന്റെ ഒരുകോടി രൂപയ്ക്കുള്ള പദ്ധതിക്ക് 01.03.2018-ലെ സ.ഉ.(സാധാ)915/2018/പൊ.വി.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**(സംഗ്രഹം)**

പൊതുവിദ്യാഭ്യാസം - വാർഷിക പദ്ധതി 2017-18 – സംസ്ഥാനത്തെ സർക്കാർ എൽ.പി/യു.പി സ്കൂളുകൾക്ക് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (പി) വകുപ്പ്**

സ.ഉ.(സാ) നം. 915/2018/പൊ.വി.വ തീയതി, തിരുവനന്തപുരം 01/03/2018

പരാമർശം:- 1. 25/01/2018, 27/01/2018 എന്നീ തീയതികളിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഡബ്ല്യു3/72563/17/ഡി.പി.ഐ നമ്പർ കത്ത്.

2. 29/01/2018-ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ തീരുമാനം

**ഉത്തരവ്**

2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ സർക്കാർ സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായി "2202-02-109-69 (പി) സ്കൂൾ വിദ്യാഭ്യാസം അടിസ്ഥാന സൗകര്യം" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ച് സർക്കാർ എൽ.പി/യു.പി സ്കൂളുകൾക്ക് കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി നൽകണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം 1 പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ " 2202-02-109-69 (പി) സ്കൂൾ വിദ്യാഭ്യാസം അടിസ്ഥാന സൗകര്യം" എന്ന ശീർഷകത്തിൽ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വകയിരുത്തിയിട്ടുള്ള 6805 ലക്ഷം രൂപയിൽ നിന്നും 2483 ലക്ഷം രൂപ (ഇരുപത്തിനാല് കോടി എൺപത്തിമൂന്ന് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് താഴെ പറയുന്ന 21 സർക്കാർ എൽ.പി/യു.പി സ്കൂളുകളിൽ വിവിധ അക്രഡിറ്റഡ് ഏജൻസികളെക്കൊണ്ട് ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി കെട്ടിട നിർമ്മാണം നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | സ്കൂളിന്റെ പേര്, ജില്ല | ഭരണാനുമതി നൽകിയ തുക (തുക ലക്ഷത്തിൽ) | അക്രഡിറ്റഡ് ഏജൻസി |
|---|---|---|---|
| 1 | ഗവ. യു.പി.സ്കൂൾ, പുത്തൻചിറ, തൃശ്ശൂർ | 100 | LSGD |
| 2 | ഗവ. യു.പി.സ്കൂൾ, പുല്ലൂർ, മലപ്പുറം | 100 | LSGD |

| | | | |
|---|---|---|---|
| 3 | ഗവ. .യു.പി.സ്കൂൾ. നുച്ചിയാട്, കണ്ണൂർ | 94 | LSGD |
| 4 | ഗവ. യു.പി.സ്കൂൾ. കടമ്പേരി, കണ്ണൂർ | 117 | LSGD |
| 5 | എസ്സ്.ഡി.വി.ഗവ.യു.പി.സ്കൂൾ, നീർക്കുന്നം, ആലപ്പുഴ | 139 | LSGD |
| 6 | ഗവ. യു.പി.സ്കൂൾ, പാങ്ങ്, മലപ്പുറം | 100 | LSGD |
| 7 | ഗവ. എൽ.പി.സ്കൂൾ, പ്ലാശനാൽ, കോട്ടയം | 100 | LSGD |
| 8 | ഗവ. യു.പി.സ്കൂൾ, കീഴൂർ, പയ്യോളി, കോഴിക്കോട് | 114 | Uralungal |
| 9 | ഗവ. മാപ്പിള യൂണിയൻ ബേസിക് സ്കൂൾ, അഴിയൂർ, കോഴിക്കോട് | 100 | Uralungal |
| 10 | ഗവ. യു.പി.സ്കൂൾ, പ്രാന്തർകാവ്, കാസർഗോഡ് | 100 | LSGD |
| 11 | ഗവ. മോഡൽ യു.പി.സ്കൂൾ, കാട്ടായിക്കോണം, തിരുവനന്തപുരം | 100 | COSTFORD |
| 12 | ഗവ. ടൗൺ എൽ.പി.സ്കൂൾ, കോട്ടയം | 100 | LSGD |
| 13 | വി.കെ. ചാത്തൻമാസ്റ്റർ മെമ്മോറിയൽ ഗവ. യു.പി.സ്കൂൾ, മാടായിക്കോണം, തൃശ്ശൂർ | 100 | LSGD |
| 14 | ഗവ. ഡബ്ല്യു.യു.പി.സ്കൂൾ, കൊടക്കാട്, കാസർഗോഡ് | 202 | Nirmithi |
| 15 | ഗവ. എൽ..പി.സ്കൂൾ, പെരുംമ്പുഴ, കുണ്ടറ, കൊല്ലം | 100 | LSGD |
| 16 | ഗവ. യു.പി.സ്കൂൾ, അകത്തേത്തറ, പാലക്കാട് | 180 | LSGD |
| 17 | ഗവ. എം.യു.പി.സ്കൂൾ, കൊടിഞ്ഞി, മലപ്പുറം | 100 | LSGD |
| 18 | ഗവ. യു.പി.സ്കൂൾ, പുള്ളിയിൽ, മലപ്പുറം | 108 | LSGD |
| 19 | ഗവ. എൽ.പി.സ്കൂൾ, മട്ടത്തിൽ ഭാഗം, അരൂർ, ആലപ്പുഴ | 154 | HABITAT |
| 20 | ഗവ. ജി.ജെ.ബി. സ്കൂൾ, കമ്പടാച്ചൽ, കാസർഗോഡ് | 100 | LSGD |
| 21 | ഗവ. യു.പി.സ്കൂൾ, ചീക്കോട്, മലപ്പുറം | 175 | LSGD |
| | ആകെ | 2483 | |

i) കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ എസ്റ്റിമേറ്റ് തുകയിൽ പരിമിതപ്പെടുത്തേണ്ടതാണ്.

ii) സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

iii) സർക്കാർ സ്കൂളുകളിൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന എല്ലാ അക്രഡിറ്റഡ് ഏജൻസികളും 25/07/2017-ലെ ജി.ഒ(പി) നം. 95/2017/ധന എന്ന ഉത്തരവിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

iv) സ്കൂളിന്റെ ആവശ്യകതയും ഉപയോഗക്ഷമതയും സ്ഥലപരിമിതിയും അനുസരിച്ചാകണം അക്രഡിറ്റഡ് ഏജൻസികൾ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.എസ്. കൃഷ്ണകുമാർ**

**അഡീഷണൽ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ